# അക്കാദമിക
# മാസ്റ്റർ പ്ലാൻ.

# 2025-2026
# ജി.യു.പി.എസ്
# നല്ലേപ്പിള്ളി.



## അടിസ്ഥാന വിവരങ്ങൾ

1. റവന്യൂ ജില്ലാ : പാലക്കാട്
2. വിദ്യാഭ്യാസ ജില്ല: പാലക്കാട്
3. വിദ്യഭ്യാസ ഉപജില്ല: ചിറ്റൂർ
4. ബ്ലോക്ക് പഞ്ചായത്ത് ചിറ്റൂർ
5. ഗ്രാമ പഞ്ചായത്ത് നല്ലേപ്പള്ളി
6. സ്കൂൾ കോഡ് 21 350
7. മേൽവിലാസം നല്ലേപ്പിള്ളി പി.ഒ. പാലക്കാട്
8. പിൻ കോഡ് 678553
9. ഫോൺ നമ്പർ. **04923282378**
10. ഇ മെയിൽ അഡ്രസ് : gupsnallepilly@gmail.com ‘
11. വിദ്യാലയ വിഭാഗം : അപ്പർ പ്രൈമറി
12. ക്ലാസുകൾ. : പ്രീ പ്രൈമറി മുതൽ 7 വരെ
13. പഠന മാധ്യമം : മലയാളം, ഇംഗ്ലീഷ്.
14. മാനേജ്മെന്റ് : ഗവർൺമെന്റ്
15. തുടങ്ങിയ വർഷം : **1890**

**Name of the Headmaster : Krishnamoorthy M**
**PTA President. : Sreekumar**
**MPTA President. : Battulexmi**
**SRG convenor. : Divya .P**

# ആമുഖം.

കൊച്ചി സംസ്ഥാനത്ത് 1890 സെപ്റ്റംബർ 21 നായിരുന്നു ഈ വിദ്യാലയം സ്ഥാപിതമായത് . അന്നത്തെ പേര് ആംഗ്ലോ വെർണാക്കുലർ ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നായിരുന്നു. ഓലമേഞ്ഞ ഷെഡിലായിരുന്നു തുടക്കം.ആദ്യത്തെ ഹെഡ്മാസ്റ്റർ വൈദ്യനാഥ അയ്യർ ആയിരുന്നു . മാനേജർ ദക്ഷിണാമൂർത്തി അയ്യർ.ഒന്നാം ക്ലാസ്സുമുതൽ ഇംഗ്ലീഷിലായിരുന്നു അധ്യയനം തുടർന്ന് മലയാളം,തമിഴ് എന്നീ ഭാഷകളും അവസാനമായി ഇംഗ്ലീഷ് ഭാഷയും പഠനമാധ്യമമായി

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം വിജ്ഞാന സമ്പാദനമാണ് എന്ന കാഴ്ച്ചപ്പാടിൽ നിന്നും പഠന പ്രക്രിയയിൽ സമഗ്രമായ പരിവർത്തനം സംഭവിച്ചു കൊണ്ടിരിക്കുന്ന കാലമാണിത്.വിജ്ഞാനം അധ്യാപകന്റെ നാവിന്റെ നാവിൻ തുമ്പിലല്ല! നമ്മുടെ വിരൽ തുമ്പിലുള്ള നിർമിത ബുദ്ധിയുടെ ലോകത്താണ് നാമിപ്പോൾ എത്തി നിൽക്കുന്നത്. അധുനിക ലോകത്ത് ജീവിക്കാനാവശ്യമായ നൈപുണികളും പ്രക്രിയാ ശേഷികളും സാമൂഹിക ബോധവും കുട്ടികളിൽ വളർത്താൻ ക്ലാസ് മുറികൾക്ക് കഴിയേണ്ടതുണ്ട്.
എല്ലാ വിദ്യാർഥികൾക്കും അതാത് തലത്തിലുള്ള പഠന നേട്ടങ്ങൾ അധുനിക സങ്കേതങ്ങളെ പ്രയോജനപ്പെടുത്തി ആസ്വാദകരമാക്കാൻ സാധിക്കുന്ന തരത്തിലുള്ള തരത്തിലുള്ള ആസൂത്രമാണ് നമ്മുടെ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്. വിദ്യാലയത്തിന്റെ അക്കാദമികവും അക്കാദമികേതരവും ദൗതികവുമായ സമഗ്ര വികസന പദ്ധതിയായിട്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാരാക്കിയിട്ടുള്ളത്.
പ്രീപ്രൈമറി തലം മുതൽ ഏഴാം തരം വരെ ഓരോ ക്ലാസിലും കുട്ടി നേടേണ്ട ശേഷികൾ നേടാനാവശ്യമായ അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ ഈ അക്കാത്മിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്.
കുട്ടിയുടെ CEL ൽ നിന്നും ZPD യിലേക്ക് ഉയർത്താൽ സഹായിക്കുന്ന തരത്തിൽ കുട്ടിയുടെ സമഗ്രമായ വളർച്ചയ്ക്ക് സഹായിക്കുന്ന തരത്തിൽ ക്രമപ്പെടുത്തിയിട്ടുണ്ട് എന്ന കാര്യം ഉറപ് നൽകുകയാണ്.

# അവസ്ഥാ വിശകലനം

## മികവുകൾ

വിദ്യാലയത്തിന്റെ വികസനത്തിന്റെ ഭാഗമായി നടത്തിയിരുന്ന വിവിധ പ്രവർത്തനങ്ങളുടെ ഫലമായി ഭേദപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഈ വിദ്യാലയത്തിലുണ്ട്.

അറിവിന്റെ വിശാലതയിലേക്ക് കാലെടുത്തു വയ്ക്കുന്ന പ്രീ പ്രൈമറിയിലെ കുറുന്നുകൾക്കായി വിഞ്ജാനത്തിന്റെ ലോകം തുറന്നു നൽകുന്ന വർണ്ണക്കൂടാരം 2024-25 ൽ പ്രവർത്തനമാരംഭിച്ചു.

അധുനിക സൗകര്യങ്ങളോടു കൂടിയ ക്ലാസ് മുറികൾ കുട്ടികളുടെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുവാൻ പര്യാപ്തമാണ്. ഭിന്നശേഷി വിദ്യാർഥി സൗകൃത വിദ്യാലയമാണ് നമ്മുടെ വിദ്യാലയം.

വിശാലമായ കളിസ്ഥലം വിദ്യാർഫികളുടെ കായിക ശേഷി വികസനത്തിനും മാനസീകോല്ലാസത്തിനും ഉദകുന്നതാണ്.

ഭാഷാശേഷി വികസിപ്പിക്കുന്നതിനും വായനാശീലം പരിപോഷിക്കുന്നതിനുമായി തയ്യാരാക്കിയിട്ടുള്ള അയ്യായിരം പുസ്തകങ്ങളുള്ള ലൈബ്രറി ഈ വിദ്യാലയത്തിന്റെ സവിശേഷതയാണ്.

വിദ്യാർഥികൾ വിവിധ മത്സര പരീക്ഷകളിലും ശാസ്ത്ര പ്രവർത്തി പരിചയ മേളകളിലും മികവാർന്ന പ്രകടനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. 2024- 25 അധ്യാന വർഷത്തിൽ 6 USS 1 LSS എന്നിവ നേടിയിട്ടുണ്ട്. കലാ കായിക മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.

വിദ്യാലയത്തിലെ മുഴുവൻ കുട്ടികളും ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കാനാവശ്യമായ ക്രമീകരണങ്ങൾ നടത്തി വരുന്നു. വിവിധ ക്ലബ് പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തി വരുന്നു. ദിനാചർണങ്ങളുമായി ബന്ധപ്പെട്ട് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടത്തി വരുന്നു.

# പരിമിതികൾ

LP വിഭാഗം ക്ലാസുകൾ പ്രവർത്തിക്കുന്ന കെട്ടിടം പഴക്കമുള്ളതും ഓടിട്ടതുമാണ്. കെട്ടിടത്തിന്റെ കാലപ്പഴക്കവും പൊട്ടിയ ജനാലകളും അക്കാദമിക വളർച്ചയ്ക്ക് തടസ്സമായി നിൽക്കുകയാണ്. LP വിഭാഗത്തിന് സ്മാർട്ടായ പുതിയ ക്ലാസ് മുറിയകൾ അത്യാവശ്യമായി വന്നിരിക്കുകയാണ്.

വിദ്യാലയത്തിൽ രണ്ട് കെട്ടിടങ്ങൾ unfit ആയിട്ടാണ് നിൽക്കുന്നത്. ഈ കെട്ടിടങ്ങൾ കാരണം വിദ്യാലയം തന്നെ സുരക്ഷാ ഭിഷണി നേരിടുന്ന സാഹചര്യം നിലനിൽക്കുകയാണ്. എത്രയും പെട്ടെന്നു തന്നെ ഈ കെട്ടിടങ്ങൾ പൊളിച്ചു നീക്കാനുള്ള നടപടി ബന്ധപെട്ട അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതുണ്ട്.

വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്ന സുചി മുറികൾ പലതും ശോചനീയാവസ്ഥയിലാണ്. എണ്ണത്തിന് സുചി മുരികൾ ഉണ്ടെങ്കിലും പലതും ഉപയോഗസൂന്യമാണ്. കുട്ടികളുടെ എണ്ണത്തിന് അനുയോജ്യമായ ടോയ്ലറ്റുകൾ ആവശ്യമുണ്ടു.

വിദ്യാർഥികളുടെ യാത്ര സൗകര്യത്തിനായി മുൻ MP ബിജു അവർകൾ നൽകിയ ഒരു ബസ്സ് ഉണ്ടെങ്കിലും ഗ്രാമ/ ഉൾ പ്രദേശങ്ങളിൽ നിന്നും കുട്ടികളെ എത്തിക്കാൽ കഴിയുന്ന ചെറിയ വാഹനം ലഭ്യമല്ലാത്ത സാഹചര്യം കൊണ്ട് LP തലത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞ് വരികയാണ്. കഴിഞ്ഞ അധ്യാന വർഷം ഒന്നാം തരത്തിൽ ഉണ്ടായിരുന്ന 35 കുട്ടികളിൽ നിന്നും ഈ വർഷം 15 കുട്ടികളായി ചുരുങ്ങിട്ടുണ്ട്. 133% കുട്ടികളാണ് ഒന്നാം തരത്തിൽ മാത്രം കുറവു വന്നിട്ടുള്ളത്. ഇതു വരും വർഷങ്ങളിൽ വിദ്യാലയത്തെിന്റ വളർച്ചയെ സാരമായി ബാധിക്കും. ആയതു കൊണ്ട് ഒരു ചെറിയ വാഹനം കൂടി വിദ്യാലയത്തിന്റെ യാത്ര സൗകര്യം മെച്ചപ്പെടുത്താൻ ആവശ്യമാണ്.

## ഉപസംഹാരം

വിദ്യാലയത്തിന്റെ നിലവിലെ അവസ്ഥയെക്കുറിച്ചും ഇതൊരു മാതൃകാ വിദ്യാലയം ആകുന്നതിന് ആവശ്യമായ അക്കാദമികവും ഭൗതികവും സാമൂഹികവുമായ പ്രവർത്തനങ്ങളെക്കുറിച്ചും പ്രതിവാദിച്ചു. നാം ഉദ്ദേശിച്ച ലക്ഷ്യത്തിലേക്ക് എത്തുന്നതിന് എല്ലാ വ്യക്തികളുടേയും പൂർവ്വ വിദ്യാർഥികളുടേയും സാമൂഹിക സാംസ്കാരിക സംഘടനകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ എന്നീ മേഖലകളിൽ നിന്നും ആവശ്യമായ സഹകരണങ്ങൾ നേടിക്കൊണ്ട് കൂട്ടായ പ്രവർത്തനങ്ങളിലൂടെ നല്ലേപ്പിള്ളി ഗ്രാമ പ്രദേശത്തിന്റെ വിജ്ഞാന കേന്ദ്രമായ ഈ വിദ്യാല്ലത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാവാം.

**TEACHER'S LIST LP SECTION.**

| SL NO | NAME OF TEACHER | Class Division | SUBJECT | | | |
|---|---|---|---|---|---|---|
| | | | Malayalam | English | Mathematics | EVS |
| 1 | REENAMOL K | 1A | YES | YES | YES | YES |
| 2 | VANISREE K J | 2A | YES | YES | YES | YES |
| 3 | SHITTY MATHEW | 2B | YES | YES | YES | YES |
| 4 | SHARI T N | 3A | YES | YES | YES | YES |
| 5 | DILEEP CHANDRAN | 3B | YES | YES | YES | YES |
| 6 | SUJISHA | 4A | YES | YES | YES | YES |
| 7 | SHEEJA | 4B | YES | YES | YES | YES |
| 8 | RAJITHA (DAILY WAGES) | 4C | YES | YES | YES | YES |

**TEACHER'S LIST UP SECTION**

| SL NO | NAME OF TEACHER | SUBJECT | | | | | | |
|---|---|---|---|---|---|---|---|---|
| | | Malay alam | English | Hindi | Sans krit | Maths | Basic Science | Social Science |
| | | | | | | | | |
| 1 | HEMAMPIKA R | 5A 6A | | | | | | VA,5B 5C |
| 2 | PRAMEELADEVI M | | | 5A,6C 6D,7C 7D. | | | | |
| 3 | SREELAYHA P U | | | 5B,5C 6A,7A 7B. | | | | |
| 4 | DHANYA V S | | 5A,5B 7B,7D | | | 5A | | |
| 5 | DIVYA P | 5B,5C | | | | | 7B,7D | |
| 6 | PRIYA C | 6B | | | | 7B,7D | 7A,7C | |
| 7 | BINDHU R | | 6A,6D | | | | 6D | 6A,6B |
| 8 | BEENA V | | 5C | | | | | 6C,6D 7A 7B |
| 9 | SIVARANJINI A | 6D | | | | 6A,6D 7A,7C | | |
| 10 | HARITHA C H | 7A,7C | | | | 6C | | 7C,7D |
| 11 | AISWARYA A | | 6B,6C | | | 6B | 5A,5B | |
| 12 | AJITHA S | | 7A,7C | | | 5B,5C | 6C | |
| 13 | THULASIPRIYA M | 7B 7D 6C | | | | | 6A, 6B | |
| 14 | SNEHA ABRAHAM | | | | All Class es | | | |

## പൊതു ലക്ഷ്യങ്ങൾ.
## പ്രീപ്രൈമറി തലം

- വർണക്കൂടാരം ഉപയോഗിച്ചു കൊണ്ട് പ്രീപ്രൈമറി വിഭാഗത്തിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും. കളിത്തോണിയിലെ പ്രവർത്തനങ്ങൾ കൃത്യമായി വിനിമയം ചെയ്യും. ആസ്വാധനകരമായ അന്തരീക്ഷം പ്രീ പ്രൈമറി ക്ലാസുകളിൽ സൃഷ്ടിക്കും.

### ലോവർ പ്രൈമറി തലം

- ഒന്നാം തരത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികളേയും ഒന്നാം തരം കുട്ടികളായി മാറ്റാനാവശ്യമായ നടപടികൾ സ്വീകരിക്കും.

- ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളേയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ചു ആശയം പങ്കിടാൻ കഴിവുള്ളവരാക്കും.

- മറ്റുള്ളവരുടെ സഹായമില്ലാതെ സ്വന്തം ആശയം ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവുള്ളവരാക്കും.

- യാതൊരു സങ്കോചവും കൂടാതെ വാചികമായി ആശയവിനിമയം നടത്തുകയും ചർച്ചകളിൽ പങ്കെടുത്തു കൊണ്ട്  സ്വന്തം ആശയം പങ്കുവെക്കാൻ കഴിവുള്ളവരാക്കും. ആശയ വിനിമയശേഷി വർദ്ധിപ്പിക്കും.

- ലഘു കഥകൾ കേട്ടു ആസ്വതിക്കാനും കേട്ട കഥകൾ സ്വന്തം ശൈലിയിൽ അവതരിപ്പിക്കാനും അവസരം ഒരുക്കും.

- വടിവോടേയും വാക്യ ഘടന പാലിച്ചുകൊണ്ടും  അക്ഷരത്തെറ്റു കൂടാതേയും സ്വന്തം  ആശയം ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കും.

- കുത്തെഴുത്ത്, സംയുക്ത ഡയരി എന്നിവയിലൂടെ ഒന്നാം തരത്തിലെ കുട്ടികളുടെ സ്വന്തം രചന മെച്ചപ്പെടുത്താൻ അവസരം ഒരുക്കും.

- പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്ന പഠന ലക്ഷ്യങ്ങൾ വിനിമയം ചെയ്യുന്നതിലൂടെ കുട്ടികളുടെ അടിസ്ഥാന ഭാഷാ ശേഷികളായ ശ്രവണം, ഭാഷണം, വായന, ലേഖനം എന്നിവ നേടി എന്നു ഉറപ്പു വരുത്തും.

- വായനാക്കൂട്ടം, എഴുത്തു കൂട്ടം എന്നീ പ്രവർത്തനങ്ങളിലൂടെ വിദ്യർഥികളുടെ ഭാഷാ ശേഷികൾ വളർത്താനാവശ്യമായ പ്രവർത്തങ്ങൾ ചിട്ടപ്പെടുത്തും

- കുട്ടികളുടെ വായനാശീലം മെച്ചപെടുത്തുവാനായി ക്ലാസ് ലൈബ്രറിയുടേയും സ്കൂൾ ലൈബ്രറിയുടേയും പ്രവർത്തനങ്ങൾ മെച്ചപ്പടുതുക.

- ELPS എന്നീ രീതിയിൽ സംഖ്യകളുടെ സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, സംഖ്യാ പാറ്റേൻ പുന ക്രമീകരണം ഉള്ളതും ഇല്ലാത്തതുമായ സങ്കലനം വ്യവകലനം മറ്റും ഗണിത പ്രക്രിയാ ശേഷികൾ എന്നിവ ഉറപ്പിക്കാനാവശ്യമായ പഠന തന്ത്രങ്ങൾ ചിട്ടപ്പെടുത്തും.

- ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിൽ കഴിവുള്ളവരാക്കും

- പുന ക്രമീകരണം ഉള്ളതും ഇല്ലാതതുമായ സംഖ്യകളുടെ സങ്കലന വ്യവകലന പ്രവർത്തനങ്ങൾ പ്രായാസം കൂടാതെ പൂർത്തികരിക്കുന്നതിൽ കഴിവുള്ളവരാക്കും

- ചതുർ ക്രിയകൾ ഉൾപ്പെടുന്ന പ്രയോഗിക പ്രസ്നങ്ങളെ പരിഹരിക്കാനാവശ്യമായ പിന്തുണ നൽകും.

- ഗണിത ലാബ് പ്രവർത്തനങ്ങൾ മെച്ചപ്പടുത്തുകയും .ഓരോ കുട്ടിക്കും ആവശ്യമായ ഗണിത കിറ്റ് ഉറപ്പാക്കുകയും ചെയ്യും

- ശാസ്ത്ര പരീക്ഷനങ്ങൾ രൂപകൽപ്പന ചെയ്യാനാവശ്യമായ അന്തരീക്ഷം ഒരുക്കും.

- സാങ്കേത വിദ്യയുടെ സഹായത്തോടെ ക്ലാസ് റൂം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും.

- ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണ്ടു കൊണ്ട് നിരന്തര വിലയിരുത്തലിലൂടെ ഒരോ കുട്ടിയേയും മികവിലേക്ക് ഉയർത്താനാവശ്യമായ പ്രവർത്തനങ്ങൾ സചികരിക്കും

- CWSN കുട്ടികളേയും പഠന പിന്നോക്കം നിൽക്കുന കുട്ടികളേയും പ്രത്യേകം പരിഗണിച്ചു കൊണ്ട് അവർക്ക് കൈത്താങ്ങ് നൽകും

- തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കും.

- നിരീക്ഷനം,താരതമ്യം,വർഗീകരണം, നിഗമനം എന്നീ ഉപാതികളിലൂടെ പ്രകൃതിയേയും ചുറ്റുപാടിനേയും അറിയാനുള്ള അവസരം ഉണ്ടാക്കും.

- Ensure the Students in primary level to develop their basic Skills of reading writing and Speaking in english through various activities.
- Introduce children's magazines and help the students to improve their reading skills.

- Improve the Student's communicative skills through various activities like dama skit and other stage programmes.

- വിവിധ ക്ലബ് പ്രവർത്തനങ്ങളിലൂടെ നേത്രത്വ ഗുണം, സാമുഹിക ബോധം എന്നിവ ഉറപ്പു വരുത്തും

- വിവിധ മത്സരപ്പരീക്ഷകൾക്കാവശ്യമായ പിന്തുണ നൽകും.

## അപ്പർ പ്രൈമറി തലം.

- മാതൃ ഭാഷയുൾപ്പെടെ ഭാഷാ ക്ലബുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും അടിസ്ഥാന ഭാഷാ ശേഷികൾ ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

- വായനക്കൂട്ടം, എഴുത്തുകൂട്ടം എന്നീ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ വായനാ ശീലം വളർത്തി സർഗാത്മക രചനയിലേക്ക് നയിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും.

- കുട്ടികളുടെ വായനാശീലം മെച്ചപെടുത്തുവാനായി ക്ലാസ് ലൈബ്രറിയുടേയും സ്കൂൾ ലൈബ്രറിയുടേയും പ്രവർത്തനങ്ങൾ മെച്ചപ്പടുതും.

- ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയസംവേദനം എന്നിവ നടത്താനും പദ സമ്പത്ത് വര്ദ്ദിപ്പിക്കാനും കുട്ടികളെ പ്രാപ്തരാക്കും.

- സാഹിത്യ കൃതികളോടും സാഹിത്യക്കാരോടുമുള്ള അനുകൂല മനോഭാവം വളഞ്ഞുക വഴി പഠിതാക്കളുടെ സർഗ്ഗ ശേക്ഷി വളർത്താനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാനാവശ്യമായ പിന്തുണാ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും.

- ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്ര ആശയങ്ങളെ തിരിച്ചറിഞ്ഞ് ശാസത്ര മനോഭാവത്തോടു കൂടി പ്രവർത്തിക്കാനാവശ്യാമായ സാഹചര്യം ഒരുക്കും.

- പാഠ്യപദ്ധതിയിൽ ഉൾകൊള്ളിച്ചിട്ടുള്ള മുഴുവൻ ശാസ്ത്ര ആശയങ്ങൾ, പഠന ലക്ഷ്യങ്ങൾ എന്നിവ മുഴുവൻ കുട്ടികളിലും എത്തിക്കാനാവശ്യമായ പഠന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും.

- ശാസ്ത്രപഠനത്തിന്റെ ഭാഗമായി ശാസ്ത്രത്തിന്റെ നുതന പ്രവര്ത്തനങ്ങകൾ ഉൾചേർത്ത് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും
- ,
- ശാസ്ത്രം പ്രവർത്തണമാനെന്നു മനസ്സിലാക്കി പരീക്ഷണങ്ങൾ ഏറ്റെടുക്കുന്നതിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കും.

- കുട്ടികളിൽ ഗവേഷണ മനോഭാവം വളർത്തും.

- ശാസ്ത്രാശയങ്ങൾ നിത്യ ജീവിതത്തിൽ പ്രയോജനപ്പെടുത്താനാവശ്യമായ അവസരം ഒരുക്കും.

- അടിസ്ഥാന ശാസ്ത്രത്തിന്റ പ്രിക്രിയാ ശേക്ഷികൾ മുഴുവൻ കുട്ടികളിലും നിശ്ചിത നിലവാരത്തിൽ എത്തിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പടുത്തും.

- സമൂഹതിന്മകൾക്കെതിരെ ശാസ്ത്ര സർഗ്ഗാത്മകത പ്രയോജനപ്പെടുത്തും.

- ശാസ്ത്ര ബോധത്തിലൂടെ പരിസ്ഥിതി സൗഹൃത മനോഭാവം വളർത്തും

- കുട്ടികളിൽ സാമൂഹ്യ അവബോധം സൃഷ്ടിക്കും.

- ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊള്ളുക വഴി രാഷ്ട്രീയ അവബോധം സൃഷ്ടിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും.

- മനുഷ്യോൽപ്പത്തി, പരിണാമം, ആധുനിക മനുഷ്യ ചരിത്രം എന്നിവയെ കുറിച്ച് ധാരണ വളർത്തും.

- ഭൂപട വായനയിലൂടെ സ്ഥലങ്ങളുടെ സ്ഥാന നിർണയം നടത്തുവാൻ പ്രപ്തരാക്കും.

- പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് വിദ്യാർഥികളെ ബോധമാന്മാരാക്കും.

- സാമൂഹ്യ ശാസ്ത്രത്തിന്റ് പ്രിക്രിയാ ശേക്ഷികൾ മുഴുവൻ കുട്ടികളിലും നിശ്ചിത നിലവാരത്തിൽ എത്തിക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കും.
- അനുകാലിക വിഷയങ്ങളോടും സാമൂഹ്യ പ്രശ്നങ്ങളോടും പ്രതിബന്ധത വർദ്ധിപ്പിക്കും.
- സാമൂഹ്യ സംഘടനകളേക്കുറിച്ചും സ്ഥാപനങ്ങളേക്കുറിച്ചും കടുതൽ തെളിച്ചം ഉണ്ടാക്കും.
- പഠിതാക്കളുടെ കലാവാസനകളെ പരിപോഷിക്കും.
- To encourage the Students to develop the Baric Skills of Listening, Speaking, Reading, and writing through various activities.
- Introducing different genres like fiction poetry Etc..
- Enhance vocabulary through various Activities.
- To enable confidence in communication skills in English.
- To encourage the student to speak and write with proper grammatical Structure in English language and focus on Sentence Structure, punctuation, etc…
- സംസ്കൃത ഭാഷാ പഠനത്താൽ കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത പഠന ലക്ഷ്യങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പിക്കും..
- ഗണിത ശാസ്ത്ര വിഷയത്തിൽ കരിക്കുലം ലക്ഷ്യം വെക്കുന്ന പഠന ലക്ഷ്യങ്ങൾ ഉറപ്പാക്കാനാവശ്യമായ പിന്തുണാ പ്രവർത്തനങ്ങൾ ഉറപ്പിക്കും.
- ഗണിത ക്ലബുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും നിത്യ ജീവിതത്തിലെ ഗണിത ശാസ്ത്രത്തിന്റെ പങ്കിനെക്കുറിച്ചു ബോധവൽക്കരിക്കുകയും ചെയ്യും.
- ഗണിത പ്രോജക്ടുകൾ പസിൽസ്, ഗണിത മാകസിൽ എന്നിവയിൽ കുട്ടികളിൽ താൽപര്യം ഉണ്ടാകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കും.
- ചതുർ ക്രിയകൾ ഉൾപ്പെടുന്ന പ്രയോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിൽ കുട്ടികളെ കഴിവുള്ളവരാക്കും.

- ഗണിത ശാസ്ത്രത്തിന്റ പ്രിക്രിയാ ശേക്ഷികൾ മുഴുവൻ കുട്ടികളിലും നിശ്ചിത നിലവാരത്തിൽ എത്തിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും.

- മുഴുവൻ കുട്ടികളേയും മികച്ച വായനക്കാരായി മാറ്റും.

- ആഗസ്റ്റ് മാസം മുതൽ ചെറിയ ബാല സാഹിത്യ കഥകൾ കാർഡു രൂപത്തിൽ തയ്യാരാക്കി ഒരോ ദിവസവും ഒരോ കാർഡ് എന്ന രീതിയിൽ കുട്ടികൾക്ക് വിതരണം ചെയ്യുന്നു

- രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾ കഥകൾ മായാക്കാൻ അവസരം ഒരുക്കുന്നു.
- വായിച്ച കഥകൾ ചെറിയ video രൂപത്തിൽ ക്ലാസ് തല ഗ്രൂപ്പുകളിൽ Share ചെയ്യാൻ അവസരം ഒരുക്കുന്നു.
- മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കുന്ന കുട്ടികൾക്ക് പ്രോൽസാഹനം നൽകുന്നു.
- വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പന്തുണ നൽകുന്നു

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 1 | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| ഒന്നാം തരത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികളേയും ഒന്നാം തരം കുട്ടികളായി മാറ്റാനാവശ്യമായ നടപടികൾ സ്വീകരിക്കും | കരിക്കുലം വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും. | ജൂൺ മുതൽ മാർച്ച് വരെ | SRG അധ്യാപിക |
| ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളേയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ചു ആശയം പങ്കിടാൻ കഴിവുള്ളവരാക്കും. | രക്ഷിതാക്കൾക്ക്കഥ പറയൽ പരിശീലനം | | |
| | ടീച്ചറും രക്ഷിതാക്കളും കഥ അവതരിപ്പിക്കുന്നു. | ജൂൺ | അധ്യാപിക |
| | കേട്ട കഥയിനെ കുട്ടികൾ മറ്റുള്ളവരുമായി പങ്കിടുന്നു. | | |
| | അധ്യാപിക ബാല സാഹിത്യ കൃതികൾ ദാവാത്കമായി വായിച്ചു കേൾപിക്കുന്നു | ജൂലൈ | അധ്യാപിക |
| | രക്ഷിതാക്കൾ ബാലസാഹിത്യ കൃതികൾ വീട്ടിൽ കുട്ടികൾക്ക് വായിച്ച് കേൾപിക്കുന്നു. | ജൂലൈ | അധ്യാപിക' രക്ഷിതാക്കൾ |
| | കേട്ട കഥയിലെ അശയത്തെ ചിത്രികരിക്കുന്ന | ജൂലൈ | അധ്യാപിക' രക്ഷിതാക്കൾ |
| | ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു. | ജൂലൈ | അധ്യാപിക |
| | ചിത്ര, കാർട്ടൂണുകളുടെ നിർമാണ ശിൽപശാല സംഘടിപ്പിക്കുന്നു. | ജൂലൈ | അധ്യാപിക |
| | ഡിജിറ്റൽ സാധ്യതകളിലൂന്നി കഥ കേൾക്കാനും കാണാനും അവസരം ഒരുക്കുന്നു. | ജൂലൈ | അധ്യാപിക |
| | കഥ പുനരവതരണം. | ജൂലൈ | അധ്യാപിക |
| | തിയേറ്റർ സാധ്യതകൾ വായനാ കേളികൾ എന്നിവ ഉപയോഗിച്ചു വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ വിത്യസ്ത വ്യവഹാര രൂപങ്ങളിലൂടേയും വ്യത്യസ്ത തന്ത്രങ്ങളിലൂടേയും കഥയുടെ പുനരവതരണം. | ആഗസ്റ്റ് | അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| **അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 1** | | | |
| ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളേയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ചു ആശയം പങ്കിടാൻ കഴിവുള്ളവരാക്കും. (തുടർച്ച) | ചിത്രാ കാർടുകൾ ഉപയോഗിച്ചു ചിത്ര വായന നടത്തി പ്രശക്തമായ ഭാഗങ്ങൾ വാചികമായി പങ്കിടാൻ അവരസരം നൽകുന്നു. | സെപ്റ്റബർ | അധ്യാപിക |
| | ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് തയ്യാരാക്കൽ | സെപ്റ്റബർ | അധ്യാപിക |
| | ചിത്രാ വായനാ ക്കാർട്ടുകൾ തയ്യാരാക്കൽ | സെപ്റ്റബർ | അധ്യാപിക |
| | കുട്ടിക്കൂട്ടങ്ങൾ പരസ്പരം സഹായിച്ചു ചിത്ര വായന നടത്തൽ | ഒക്ടോബർ | അധ്യാപിക |
| | പര സഹായത്തോടെ വായനാ കാർടുകളും ലഘു ബാലസാഹിത്യ കൃതികളും വായിക്കൽ | ഒക്ടോബർ | അധ്യാപിക |
| | പൊതുവേദികളിൽ സ്വാതന്ത്രമായി കഥ വായിക്കൽ | ഒക്ടോബർ | അധ്യാപിക |
| | ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാവും എഴുതി നൽകൽ. | നവംബർ | |
| | കുട്ടി മറ്റുള്ളവരുടെ സഹായത്തോടെ വായിക്കുന്നു. | | അധ്യാപിക · രക്ഷിതാക്കൾ |
| | കുട്ടികൾ തയ്യാരാക്കിയ കഥകളുടെ പ്രകാശനം | ഡിസംബർ | |
| | കുട്ടികൾ നിർമിച്ച കഥകൾ അവർ തന്നെ വായിക്കുന്നത് നവമാധ്യമങ്ങളിൽ പങ്കിടുന്നു. | | അധ്യാപിക രക്ഷിതാക്കൾ |
| | ടീച്ചർ മുൻകൂട്ടി തയ്യാരാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു. രക്ഷിതാക്കളുടെ സഹായത്തോടു കൂടി വയനാ കാർടുകൾ തയ്യാരാക്കുന്നു. | ജനുവരി | അധ്യാപിക രക്ഷിതാക്കൾ |
| | ബാല സാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികൾ രക്ഷിതാക്കളുടെ സഹായത്തോടെ വായിക്കുന്നു. | | |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 1 | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
| മുഴുവൻ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം കൂടാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്നു ഉറപ്പു വരുത്തുക. | ജൂൺ മാസം മുതൽ ഫെബ്രവരി മാസം വരെ ഭാഷാ അടിസ്ഥാന ശേഷികൾ ഉറപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഉൾചേർക്കും. | ജൂൺ മുതൽ സെപ്റ്റംബർ വരെ | അധ്യാപിക |
| കുട്ടികൾ സ്വന്തമായി ഡയറി എഴുതി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുക | ഒരോ ദിവസവും വിദ്യാലയങ്ങളിൽ നടക്കുന്ന കാര്യങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടെ സംയുക്തമായി എഴുതി അവതരിപ്പിക്കുന്നു.<br><br>കുട്ടി പറയുന്നതും സ്വന്തമായി എഴുതാൻ കഴിയാത്തതുമായ അക്ഷരങ്ങളും ചിഹ്നങ്ങൾ ചിന്നനങ്ങൾ വാക്കുകൾ വാക്യങ്ങൾ എന്നിവ എഴുതാൽ രക്ഷിതാക്കൾ സഹാക്കുന്നു.<br><br>കുട്ടി സ്വന്തമായി ഡയറി എഴുതി പ്രകടിപ്പിക്കുന്നു. | ജൂൺ ജൂലൈ ആഗസ്റ്റ്<br><br>സെപ്റ്റംബർ ഒക്ടോബർ നവംബർ<br><br>ജനുവരി ഫെബ്രവരി മാർച്ച് | അധ്യാപിക രക്ഷിതാവ്<br><br>അധ്യാപിക രക്ഷിതാവ്<br><br>അധ്യാപിക രക്ഷിതാവ് |
| ELPS എന്നീ രീതിയിൽ സംഖ്യകളുടെ സംഖ്യാബോധം, സംഖ്യാ വ്യാഖ്യാനം, സംഖ്യാ പാറ്റേൻ പുമ ക്യമികരണം ഉള്ളതും ഇല്ലാത്തതുമായ സങ്കലനം വ്യവകലനം മറ്റു ഗണിത പ്രക്രിയാ ശേഷികൾ എന്നിവ ഉറപ്പിക്കാനാവശ്യമായ പഠന തന്ത്രങ്ങൾ ചിട്ടപ്പെടുത്തും. | വസ്തുക്കൾ സംഖ്യാ കാർഡുകൾ, ചിത്രങ്ങൾ ഉപയോഗിച്ചു കുട്ടികളിൽ സംഖ്യാബോധം സങ്കലനം വ്യവകലനം, പ്രയോഗിക പ്രശ്നങ്ങൾ എന്നിവ നിർധാരണം ചെയ്യാതാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കും | ജൂൺ മുതൽ ഫെബ്രവരി വരെ | അധ്യാപിക രക്ഷിതാവ് SRG |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 2 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് മുഖാന്തിരം ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുന്ന്. വായന, ലേഖനം എന്നീ മേഖലകളിൽ പിന്നോക്കം നിൽക്കുന്നവർക്ക് അധിക സമയം കണ്ടെത്തി പ്രത്യേക ക്ലാസുകൾ നല്കൾ | ജൂൺ | അധ്യാപിക SRG |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കുന്നതിലൂടെ മുഴുവൻ കുട്ടികളും പഠന ലക്ഷ്യങ്ങൾ നേടി എന്നു ഉറപ്പിക്കുക. | ഒരോ പാഠ ഭാഗത്തിനും ആവശ്യമായ പഠന സാമഗ്രികൾ തയ്യാറാക്കി പഠന പ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നതിലൂടെ ഒരോ കുട്ടിയും പഠന ലക്ഷ്യങ്ങൾ നേടി എന്നു ഉറപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും | ജൂൺ മുതൽ ഫെബ്രവരി വരെ | PTA അധ്യാപിക SRG |
| മുഴുവൻ കുട്ടികളേയും മികച്ച വായനക്കാരായി മാറ്റുക. | ആഗസ്റ്റ് മാസം മുതൽ ചെറിയ ബാല കഥകൾ കാർഡു രൂപത്തിൽ തയ്യാരാക്കി ഒരോ ദിവസവും ഒരോ കാർഡ് എന്ന രീതിയിൽ കുട്ടികൾക്ക് വിതരണം ചെയ്യുന്നു രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികൾ കഥകൾ തയ്യാരാക്കാൻ അവസരം ഒരുക്കുന്നു. വായിച്ച കഥകൾ ചെറിയ video രൂപത്തിൽ ക്ലാസ് തല ഗ്രൂപ്പുകളിൽ Share ചെയ്യാൻ അവസരം ഒരുക്കുന്നു. മെച്ചപ്പെട്ട പ്രകടനം കാഴ്ചവെക്കുന്ന കുട്ടികൾക്ക് പ്രോൽസാഹനം നൽകുന്നു. വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പന്തുണ നൽകുന്നു. | ആഗസ്റ്റ് മുതൽ ഫെബ്രവരി വരെ | SRG PTA അധ്യാപിക |
| നേടിയ അറിവുകൾ സർഗ്ഗാത്മഗത രചനയിലൂടെ പ്രകടിപ്പിക്കുവാൻ അവസരം നൽകുന്നു. | ഓരോ ആഴ്ചയിലും പ്രത്യേകം വിഷയം നൽകിക്കൊണ്ട് കുട്ടികൾക്ക് ഇഷ്ടമുള്ള ഭാഷാ രൂപത്തിൽ സർഗ്ഗാത്മകത രചന നടത്താൻ അവസരം നൽകുന്നു. മെച്ചപ്പെട്ട രചനകൾ തിരഞ്ഞെടുത്ത് പതിപ്പുകൾ തയ്യാരാക്കുന്നു.. | ആഗസ്റ്റ് മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക . |
| രുചിച്ചറിയാം. | ഭക്ഷണ മേള നടത്തുകയും നാടൻ ഭക്ഷണങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. | ആഗസ്റ്റ്, സെപ്റ്റമ്പർ | PTA SRG അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 2 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| സർഗ്ഗോത്സവം കലാവതരണം | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | ഫെബ്രവരി | PTA SRG അധ്യാപിക |
| നിരീക്ഷനം, താരതമ്യം,വർഗീകരണം, നിഗമനം എന്നീ ഉപാതികളിലൂടെ പ്രകൃതിയേയും ചുറ്റുപാടിനേയും അറിയാനുള്ള അവസരം ഉണ്ടാക്കുക. | പരിസ്ഥിതി പഠനം രസകരമാക്കാനും ചുറ്റുപാടുള്ള ആവാസ വ്യവസ്ഥകൾ, ജീവികൾ, സസ്യങ്ങൾ എന്നിവയെ ശാസ്ത്ര' കാഴ്ചപ്പാടോടു കൂടി സമീപിക്കുകയും നിരീക്ഷനം, താരതമ്യം വർഗീകരണം, നിഗമനം എന്നീ ശേക്ഷികളെ ഉറപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്യുക. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണ്ടു കൊണ്ട് നിരന്തര വിലയിരുത്തലിലൂടെ ഒരോ കുട്ടിയേയും മികവിലേക്ക് ഉയർത്തൽ | നിരന്തര വിലയിരുത്തൽ ശക്തമാക്കൽ പഠന പ്രവർത്തനത്തിന്റെ ഭാഗമായി വേണ്ട പിന്തുണ ഉറപ്പിക്കൽ, ഓരോ പാഠഭാഗത്തിനും യൂണിറ്റ് ടെസ്റ്റുകൾ Printed material നൽകിക്കൊണ്ട് നടത്തി ആവശ്യമായ പിന്തുണ ഉറപ്പാക്കൽ | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ശാസ്ത്ര മൂലയിലൂടെ പരിസര പഠന പ്രവർത്തനങ്ങൾ രസകരമാക്കൽ. | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കാൻ ശാസ്ത്ര മൂല ഒരുക്കുന്നു. ശാസത്ര മൂല ഉപയോഗിച്ചു കൊണ്ട് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. പരിസര പഠന പ്രവർത്തനങ്ങൾ ലളിതമാക്കുന്നു. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 2 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| വിവിധ തരം കളികളിലൂടെ ഗണിത പഠനം രസകരമാക്കൾ | വിവിധ തരം കളികൾ ഉപയോഗിച്ചു ഗണിത പഠനം രസകരമാക്കാനാ വശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ഒരിഗാമിയിലൂടെ പഠിക്കാം | വിവിധ തരം ഒരിഗാമി പ്രവർത്തനങ്ങളിലൂടെ ഗണിത പഠനം രസകരമാക്കാനാ വശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ഗണിത ലാബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | ഗണിത പഠനം ഗണിത ലാബിലൂടെ സുതാര്യമാക്കൽ. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ഗണിത പഠനോപകരണ ശിൽപ്പശാല | ഗണിത പഠനം ലളിതമാക്കാൻ ഗണിത പഠന ശിൽപ്പശാല സംഘടിപ്പിക്കുകയും, പഠനോപകരണങ്ങൾ ഉപയോഗിച്ചു കൊണ്ട് ഗണിത പഠനം മെച്ചപ്പെടുത്താനാ വശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ഗണിത മേള സംഘടിപ്പിക്കൽ | ജൂൺ മുതൽ ഫെബ്രവരി വരെ ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടായ ഗണിത ഉപകരണങ്ങൾ, കുട്ടികളുടെ ഉൾപ്പന്നങ്ങൾ എന്നിവ ഉൾപ്പെടത്തി ഗണിതമേള സംഘടിപ്പിക്കും | ഫെബ്രവരി അവസാന ആഴ്ച | PTA SRG അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 2 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| English Assembly | To ensure the children's reading, writing and speaking skills through the English Assembly. | June to February | Class Teacher |
| English Diary writing | To encourage the children to develop the English diary writing skill through the class room activities. | June to February | Class Teacher |
| English Theatre works | To Develop the children's creativity skills through the English Theatre games and ensure the participation of all Students | June to February | Class Teacher |
| English magazine programme. | To Develop the children's creativity skills through the English magazine games and ensure the participation of all Students | June to February | Class Teacher |
| English Corner | To Develop the children's basic skills of Listening, reading writing and Speaking and also develop the creativity skills through the English Corner programme and ensure the participation of all Students | June to February | Class Teacher |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 3 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| മലയാളം തെറ്റ് കൂടാതേയും അക്ഷരസ്ഫുടതയോടേയും വായിക്കുന്നു. | ചെറിയ ബാല സിഹിത്യ കഥകളെ കാർഡ് രൂപത്തിലാക്കി ഓരോ ദിവസവും ഒരോ കാർഡ് വീതം ഓരോ കുട്ടിക്കും നൽകുന്നു. കുട്ടികൾ കഥ വായിച്ചു വീഡിയോ രൂപത്തിൽ ക്ലാസ് ഗ്രൂപ്പുകളിൽ SHARE ചെയ്യുന്നു. | സെപ്റ്റംവർ മുതൽ ഫെബ്രവരി വരെ | PTA<br>SRG<br>അധ്യാപിക |
| വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കുവാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കുന്നു. | കവിത ചൊല്ലൽ, വായിച്ച കഥ സ്വന്തം ഭാഷയിൽ പറയാനും എഴുതാനും അവസരം, അനുഭവക്കുറിപ്പ്, കുറിപ്പ്, ആസ്വാദനക്കുറിപ്പ് പോലുള്ള വിവിത വ്യവഹാര രൂപങ്ങളിൽ സ്വന്തം ആശയം എഴുതി പ്രകടിപ്പിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA<br>SRG<br>അധ്യാപിക |
| കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു കഥ കവിത എന്നിവയുടെ ചിത്രീകരണം നടത്തൽ | ബാലശഭ, അസ്സംബ്ലി എന്നീവിടങ്ങളിൽ കവിത, വാട്ട് എന്നിവ ചൊല്ലാൻ അവസരം നൽകുന്നു.<br><br>കവിത, പാട്ട് എന്നിവയുടെ ആശയം വിവിധ രൂപങ്ങളിൽ ചിത്രീകരണം നടത്താൻ അവസരം നൽകുന്നു. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA<br>SRG<br>അധ്യാപിക |
| ദിനാചരണങ്ങളെ ഭാഷാ പഠന പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് ഭാഷായുടെ അടിസ്ഥാന ശേഷികളുടെ വികാസം ഉറപ്പിക്കൽ | ദിനാചരനങ്ങളെ ഭാഷാ പഠന പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് ഭാഷായുടെ അടിസ്ഥാന ശേഷികളുടെ വികാസം ഉറപ്പിക്കനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA<br>SRG<br>അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 3 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ചതുരം, വൃത്തം, ത്രികോണം, എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകൽ | ചതുരം, വൃത്തം,ത്രികോണം, എന്നീ രൂപങ്ങൾ ഉപയോഗിച്ച് ചിത്രങ്ങൾ, നിർമാണങ്ങൾ എന്നിവ തയ്യാരാക്കുന്നതിലൂടെ അവയെക്കുറിച്ചു ധാരണ നേടാനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു. | ജൂൺ | PTA<br>SRG<br>അധ്യാപിക |
| സംഖ്യാ ബോധം, സംഖ്യാ വിശകലനം എന്നിവ ഉറപ്പു വരുത്തുക. | വസ്തുതുകൾ ഉപയോഗ്ഗിച്ച് സംഖ്യാബോധം ഉറപ്പിക്കുന്നു. സംഖ്യകൾ ഉപയോഗിച്ചു സംഖ്യാ പാറ്റേണുകൾ പൂർത്തിയാക്കാൻ അവസരം ഒരുക്കുന്നു. നാനയങ്ങൾ, കളി നോട്ടുകൾ എന്നിവ ഉപയോഗിച്ചു സംഖ്യാ വിശകലനം നടത്താൻ അവസരം ഒരുക്കുന്നു. | ജൂലൈ ആഗസ്റ്റ് | അധ്യാപിക |
| സങ്കലന, വ്യവകലന പ്രവർത്തനങ്ങൾ നിർധാരണം ചെയ്യുന്നതിൽ കുട്ടികളെ പ്രാപ്തരാക്കുക. | വസ്തുക്കൾ, മുത്തുകൾ, കാർഡുകൾ എന്നിവ ഉപയോഗിച്ചു സങ്കലന,വ്യവകലന ക്രിയകൾ നിർധാരണം ചെയ്യാനാവശ്യമായ പിന്തുണ നൽകൽ | ജൂൺ, ജൂലൈ | അധ്യാപിക |
| ഗുണന വസ്തുതകൾ ഉറപ്പിക്കൽ | ആവർത്തന സങ്കലനം, വിവിധ കാർഡുകൾ, എന്നിവ ഉപയോഗിച്ചു ഗണിത വസ്തുതകൾ ഉറപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ | ജൂൺ മുതൽ ഫെബ്രവരി വരെ | അധ്യാപിക |
| ഹരണ ക്രിയയുമായി ബന്ധപ്പെട്ട ആശയം ഉറപ്പിക്കൽ. | നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർധാരണം ചെയ്യാൻ അവസരം നൽകുന്നു. ICT യുടെ ഉപയോഗം ക്ലാസ് മുറിയിൽ ഉറപ്പിക്കൽ | ജൂൺ മുതൽ ഫെബ്രവരി വരെ | അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 3 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| നമ്മുടെ ചുറ്റുപാടിനെ ക്കുറിച്ചു കുട്ടികളിൽ അവബോധം ഉണ്ടാക്കുക. | ചുറ്റുപാടുള്ള ജീവജാലങ്ങളേയും ചെടികളേയും നിരീക്ഷിക്കാൻ അവസരം നൽകുന്നു. | ജൂൺ ജൂലൈ | അധ്യാപിക. |
| വരിസ്ഥിതി സൗകൃത മനോഭാവം വളർത്തി എടുക്കുന്നതിലൂടെ ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണത്തിൽ താൽപര്യം ഏർപ്പെടുത്തുക. | വിദ്യാലയത്തിലും വീട്ടിലും പൂന്തോട്ടം ഒരുക്കൻ, വീട്ടിലും വിദ്യാലയത്തിലുമുള്ള പൂന്തോട്ടം, ജൈവ വൈവിധ്യ ഉദ്യാനം എന്നിവയെ പരിപാലിക്കൽ. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളാൽ ഏർപ്പെടൽ എന്നിവയ്ക്ക് ആവശ്യമായ പിന്തുണ നൽകൽ. | ജൂൺ മുതൽ ഫെബ്രവരി വരെ... | അധ്യാപിക |
| വ്യക്തി സുചിത്വം, സാമൂഹ്യ സുചിത്വം, പരിസര സുചിത്വം എന്നിവയിൽ താൽപര്യം ഉണ്ടാക്കുക. | വ്യക്തി സുചിത്വം, സാമൂഹ്യ സുചിത്വം, പരിസര മലീനികരണം എന്നിവയെക്കുറിച്ച് അവബോധം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക. ക്ലാസ് റൂം, വിദ്യാലയം എന്നിവയുടെ സുചിത്വമായി സൂക്ഷിക്കുന്നതിൽ അവബോധം ഉണ്ടാക്കുന്നു. | ജൂൺ മുതൽ ഫെബ്രവരി വരെ | അധ്യാപിക<br>PTA<br>SRG |
| ചുറ്റുപാടുള്ള ആവാസ വ്യവസ്ഥതകൾ അവയുടെ ജൈവ, അജൈവ സംബത്ത് എന്നിവയെ തിരിച്ചറിഞ്ഞ് അവയെ സംരക്ഷിക്കുക. | ചുറ്റുപാടുള്ള ആവാസ വ്യവസ്ഥകളിലേക്ക് field Trip സംഘടിപ്പിക്കുന്നു. ആവാസ വ്യവസ്ഥകളിലുള്ള ജൈവ, അജൈവ സംബത്തുകളെ തിരിച്ചറിയാൻ അവസരം നൽകുന്നു.( പൂമ്പാറ്റകൾ, പക്ഷികൾ എന്നിവയുടെ നിരീക്ഷണം | ജൂൺ മുതൽ ഫെബ്രവരി വരെ | അധ്യാപിക<br>PTA<br>SRG |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 3 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| To encourage the pupil to Develop their basic Skills in English Language without any mistakes(Listening, Speaking, Reading and Writing), | Use Reading Cards, and Story cards to develop the basic skills of Listening, Speaking, Reading and Writing.<br>Teachers support the backward Student to increase their basic skills. | June To February. | Class Teacher. |
| To Develop the English Language basic skills through various activities. | To support the students through various activities like English games,Action Songs,Hello English Activities,English skit,Conversation, Stories, book reading,and other Suitable activities. | June To February. | Class Teacher. |
| To develop the Creative knowledge of English language through various activities | To support the students through various activities like word web, picture description,word chain, Sentence making riddles, add more lines and other suitable activities. | June To February. | Class Teacher. |
| To improve the presentation Skills through various activities. | Encourage the participation of English Assembly activities,and participate in activities like book review, English skits,English speeches. | June To February. | Class Teacher. |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 4 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ഭാഷാപരമായ വിന്നോക്കാവസ്ഥ പരിഹരിക്കൽ. | നാലാം തരത്തിലെത്തുന്ന കുട്ടികളുടെ ഭാഷാ പരമായ കഴിവുകൾ പ്രീ ടെസ്റ്റിലൂടെ മനസിലാക്കി ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടുവരൽ | ജൂൺ | അധ്യാപിക |
| മാതൃ ഭാഷയിൽ അക്ഷരസ്ഫുടതയോടും ആശയ വ്യക്തതയോടും മുഴുവൻ കുട്ടികളും വായിക്കുന്നു എന്നു ഉറപ്പു വരുത്തൽ | സ്കൂൾ അസംബ്ലിയിൽ പത്ര വായന, വായനക്കുറിപ്പ്, പുസ്തക പരിചയം, പുസ്തക നിരൂപണം എന്നിവ അവതരിപ്പിക്കാൻ അവസരം നൽകുക.<br>ബാല കഥകൾ കാർഡു രൂപത്തിലാക്കി ഓരോ കുട്ടിക്കും വിതരണം ചെയ്യുകയും ഒരോരുത്തരും രക്ഷിതാവിനേറ്റയും അധ്യാപികയുടേയും സഹായത്തോടെ വായിക്കുകയും വായിച്ച ഭാഗം ചിത്രീകരിച്ചു ലഗു വീടിയോ രൂപത്തിൽ ക്ലാസ് തല ഗ്രൂപ്പുകളിൽ ഷേർ ചെല്ലുന്നു എന്നു ഉറപ്പിക്കുകയും ചെയ്യുന്നു. | സെപ്റ്റംബർ മുതൽ പെബ്രവരി വരെ | അധ്യാപിക |
| കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു കഥ കവിത എന്നിവയുടെ ചിത്രീകരണം നടത്തൽ | ബാലശഭ, അസ്സബ്ലി എന്നീവിടങ്ങളിൽ കവിത, പാട്ട് എന്നിവ ചൊല്ലാൻ അവസരം നൽകുന്നു.<br><br>കവിത, പാട്ട് എന്നിവയുടെ ആശയം വിവിധ രൂപങ്ങളിൽ ചിത്രീകരണം നടത്താൻ അവസരം നൽകുന്നു. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA<br>SRG<br>അധ്യാപിക |
| ദിനാചരനങ്ങളെ ഭാഷാ പഠന പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചു കൊണ്ട് ഭാഷാ യുടെ അടിസ്ഥാന ശേഷികളുടെ വികാസം ഉറപ്പിക്കൽ | ദിനാചരനങ്ങളെ ഭാഷാ പഠന പ്രവർത്തനങ്ങ ളുമായി ബന്ധിപ്പിച്ചു കൊണ്ട് ഭാഷാ യുടെ അടിസ്ഥാന ശേഷികളുടെ വികാസം ഉറപ്പിക്കനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും.' | ജൂൺ മുതൽ ഫെബ്രവരി വരെ | PTA<br>SRG<br>അധ്യാപിക |
| ദാക്ഷാ പഠനവുമായി ബന്ധപ്പെട്ട് നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | ദാക്ഷാ പഠനവുമായി ബന്ധപ്പെട്ട് നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കാൻ ബാലശഭ അസബ്ലി, വിവിധ ക്ലബുകൾ എന്നീ വിടങ്ങളിൽ അവസരം നൽകും | ഫെബ്രവരി | PTA<br>SRG<br>അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 4 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| English Assembly | To ensure the children's reading, writing and speaking skills through the English Assembly. | June to February | Class Teacher |
| English Diary writing | To encourage the children to develop the English diary writing skill through the class room activities. | June to February | Class Teacher |
| To Develop the English Language basic skills through various activities. | To support the students through various activities like English games,Action Songs,Hello English Activities,English skit,Conversation, Stories, book reading,and other Suitable activities. | June To February. | Class Teacher. |
| To develop the Creative knowledge of English language through various activities | To support the students through various activities like word web, picture description,word chain, Sentence making riddles, add more lines and other suitable activities. | June To February. | Class Teacher. |
| To improve the presentation Skills through various activities. | Encourage the participation of English Assembly activities,and participate in activities like book review, English skits,English speeches. | June To February. | Class Teacher. |
| English Fest | To Develop the children's creativity skills through the English fest and ensure the participation of all Students | February | Class Teacher |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 4 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| വിവിധ തരം കളികളിലൂടെ ഗണിത പഠനം രസകരമാക്കൾ | വിവിധ തരം കളികൾ ഉപയോഗിച്ചു ഗണിത പഠനം രസകരമാക്കാനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ഒരിഗാമിയിലൂടെ പഠിക്കാം | വിവിധ തരം ഒരിഗാമി പ്രവർത്തനങ്ങളിലൂടെ ഗണിത പഠനം രസകരമാക്കാനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ഗണിത ലാബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | ഗണിത പഠനം ഗണിത ലാബിലൂടെ സുതാര്യമാക്കൽ. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ഗണിത പഠനോപകരണ ശിൽപ്പശാല | ഗണിത പഠനം ലളിതമാക്കാൻ ഗണിത പഠന ശിൽപ്പശാല സംഘടിപ്പിക്കുകയും, പഠനോപകരണങ്ങൾ ഉപയോഗിച്ചു കൊണ്ട് ഗണിത പഠനം മെച്ചപ്പെടുത്താനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തും. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ഗണിത മേള സംഘടിപ്പിക്കൽ | ജൂൺ മുതൽ ഫെബ്രവരി വരെ ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടായ ഗണിത ഉപകരണങ്ങൾ, കുട്ടികളുടെ ഉൾപ്പന്നങ്ങൾ എന്നിവ ഉൾപ്പെടത്തി ഗണിത മേള സംഘടിപ്പിക്കും | ഫെബ്രവരി അവസാന ആഴ്ച | PTA SRG അധ്യാപിക |
| പാഠഭാഗത്തിനാവശ്യമായ ഗണിത ചുമർ ഒരുക്കൽ | PALA, Picture As a Learning Aid എന്നീ ആശയത്തെ മുന്നിരുത്തി ചുമരിൽ ഗണിത രൂപങ്ങൾ വരച്ചു പഠനാവശ്യത്തിനായി ഉപയോഗിക്കുന്നു. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ. ക്ലാസ് - 4 | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| നമ്മുടെ ചുറ്റുപാടിനെക്കുറിച്ചു കുട്ടികളിൽ അവബോധം ഉണ്ടാക്കുക. | ചുറ്റുപാടുള്ള ജീവജാലങ്ങളേയും ചെടികളേയും നിരീക്ഷിക്കാൻ അവസരം നൽകുന്നു. | ജൂൺ ജൂലൈ | അധ്യാപിക. |
| ശാസ്ത്ര മൂലയിലൂടെ പരിസര പഠന പ്രവർത്തനങ്ങൾ രസകരമാക്കൽ. | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കാൻ ശാസ്ത്ര മൂല ഒരുക്കുന്നു. ശാസ്ത്ര മൂല ഉപയോഗിച്ചു കൊണ്ട് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. പരിസര പഠന പ്രവർത്തനങ്ങൾ ലളിതമാക്കുന്നു. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ശാസ്ത്ര ആശയങ്ങൾ ഉറപ്പിക്കാനാവശ്യമായ ശാസ്ത്ര യാത്രകൾ field Trip കൾ സംഘടിപിക്കൽ. | ശാസ്ത്ര യാത്രകൾ സംഘടിപ്പിക്കുന്നതിലൂടെ ശാസ്ത്ര പഠനത്തിൽ താൽപര്യം സംഘടിപ്പിക്കുന്നു.കൂടാതെ അന്വേഷണ ത്വര വളർത്താനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ഭൂപട നിരീക്ഷണം ഒരുക്കുക. | ഭൂ പട നിരീക്ഷണം ഒരുക്കുന്നതിലൂടെ ശാസ്ത്ര പഠനം ലളിതമാക്കുന്നു. | ജൂൺ മുതൽ ഫെബ്രവരി വരെ | PTA SRG അധ്യാപിക |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം, ശാസ്ത്ര' ചുമർ, ശാസ്ത്ര മാസിക, ശാസ്ത്ര വാർത്തകൾ പ്രദർസിപ്പിക്കൽ. | ഫെബ്രവരി | PTA SRG അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ. യു. പി. മലയാളം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ഭാഷയുടെ അടിസ്ഥാന ശേഷി വികാസം, ആശയ സംവേദനം, എന്നിവ ' നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രപ്തരാക്കുക | അക്ഷരം ഉറപ്പിക്കൽ, അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ചു അക്ഷര ശുദ്ധി' ആസ്വാദനം എന്നിവ വളർത്തുന്നു.<br><br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി കൈത്താങ്ങ് നൽകുന്നു.<br><br>അവധിക്കാല അനുഭവങ്ങളെ വിവിധ വ്യാവകാര രൂപങ്ങളിലൂടെ അവതരിപ്പിക്കാനവസരം നൽകുന്നു.<br><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ചു പദങ്ങളുടേയും വാക്യങ്ങളുടേയും നിർമാനം നടത്തുന്നു.<br><br>വായനാദിനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്ലാസിലും അസംബ്ലിയിലുമായി നടത്തുന്നു. | ജൂൺ<br><br>ജൂൺ മുതൽ ഫെബ്രവരി വരെ | അധ്യാപിക |
| വിദ്യാർഥികളെ മികച്ച വായനക്കാരാക്കക | ക്ലാസ് തല വയനക്കൂട്ടം രൂപികരിക്കൽ, വായന മൂല, ക്ലാസ് ലൈബ്രറി രൂപികരിക്കൽ, സ്കൂൾ ലൈബ്രറിയിൽ നിന്നും വിദ്യാർഥികൾക്ക് പുസ്തകം ലഭ്യമാക്കൽ, സ്കൂൾ അസംബ്ലിയിൽ പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുന്നു. മിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനം, ക്ലാസ് ശഭ.വായനോത്സവം സംഘടിപ്പിക്കൽ, പത്ര വായന, അമ്മ വായന, പുസ്തക ചർച്ച, ഇ വായന, ക്വിസ് മത്സരം. | ജൂൺ മുതൽ ഫെബ്രവരി വരെ | അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ. യു.പി. മലയാളം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| സാഹിത്യക്കാരോടും സാഹിത്യ കൃതികളോടും ഉള്ള ' അനുകൂല മനോഭാവം വളർത്തുക വഴി കുട്ടികളുടെ സർഗ്ഗ ശേഷി വളർത്തുക. | ബഷീർ ദിനം ആചരിക്കൽ, വിവിധ ദിനാചരങ്ങൾ ആചരിക്കൽ, അതുമായി ബന്ധപ്പെട്ട് വിവിധ രചനാ മത്സരങ്ങൾ സംഘടിപ്പിക്കൽ, വിവിധ സാഹിത്യക്കാരുടെ സർഗ്ഗ സൃഷ്ടികൾ പരിചയപ്പെടൽ, വീഡിയോ പ്രദർശനം, | ജൂൺ മുതൽ | അധ്യാപിക |
| മലയാളം കമ്പ്യൂട്ടിങ്ങ് പരിജ്ഞാനം നേടി എടുക്കലും സർഗാത്മക ശേഷി വളർത്തലും | മലയാളം കമ്പ്യൂട്ടിങ്ങ് മുഴുവൻ കുട്ടികളേയും പരിശീലിപ്പിക്കുകയും അവരുടെ സർഗാത്മക രചനകൾ ഉൾകൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ | അധ്യാപിക |
| പഠിതാക്കളുടെ കലാ വാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം പാഠഭാഗവുമായി ബന്ധപ്പെട്ട് ചൊൽ കാഴ്ചകൾ ലഗു നാടകങ്ങൾ തുടങ്ങിയവ പഠനോത്സവങ്ങളിൽ അവതരിപ്പിക്കൽ, വിദഗ്ദരായ കലാകാരൻമാരെക്കൊണ്ട് ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു. | ഫെബ്രവരി | അധ്യാപിക |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ, ഭാഷാ നൈപുണി വർദ്ധിപ്പിക്കൽ. | അക്ഷര കാർഡ് നൽകൽ ചിത്രം കടങ്കഥ എഴുതൽ കഥ പൂർത്തിയാക്കൽ സയരി എഴുത്ത് സർഗ്ഗശേഷി - രചനാ മത്സരങ്ങൾ സംഘടിപിക്കൽ എഴുത്തുക്കൂട്ടം, വായനാക്കൂട്ടം സംഘടിപ്പിക്കൽ | ഫെബ്രവരി | അധ്യാപിക |
| പഠനയാത്ര സംഘടിപ്പിക്കൽ | യാത്രാവിവരണം തയ്യാരാക്കൽ | നവംബർ ഡിസംബർ | അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ.UP English. | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| To encourage Listening and speaking through different genres (Fiction, Poetry)<br><br>Enhance vocabulary, Enhance Listening skills. | Interactive story telling set sessions, discussing themes, characters, and plots to enhance listening skills. Make students listen to English news, stories, group discussions and roll plays to improve speaking skills.<br><br>Vocabulary, games and exercises to build word knowledge. | June | English Teacher,<br><br>English club |
| To enable confident communicative in English | English library, English story telling time, English club activities, English assembly. English kids Movies, and animation films, paying attention to new vocabulary and pronunciation. Roleplays, English day celebrations, preparing choreography, Skits and puppet show | July August | English Teacher,<br><br>English club |
| To encourage reading Develop the basic language skills of listening, speaking, reading, and writing | Divide students into small groups and provide them with age appropriate texts such as short stories or excerpts from novels. Each group reads the arranged text together and discusses key elements like plots, characters, and themes. | July August | English Teacher,<br><br>English club |

| അക്കാദമിക മാസ്റ്റർ പ്ലാൻ.UP English. | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| | Reading aloud, readers theatre, chain reading, picture reading.After discussion groups are asked to retell the story.Debates and presentations for advance speaking practice. | July August | English Teacher, English club |
| To develop writing skills. Introduce a grammatical concepts such as parts of speech tense and sentence, structure, focus on sentence, structure, punctuation, and grammar. | Practice for simple creative writing tasks like descriptive paragraphs, short stories and simple poetry, dialogue writing, script writing, work Sheets, and parts of speech sentence types. Poster making placards, notice preparation and exhibition | June to February | English Teacher, English club |

| അക്കാദമിക മാസ്റ്റർ പ്ലാൻ.UP ഹിന്ദി. | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ഹിന്ദി വായിക്കാനും എഴുതാനുമുള്ള അടിസ്ഥാന ശേഷി ഉറപ്പിക്കൽ.<br><br>ഹിന്ദി അക്ഷരങ്ങൾ പരിചപ്പെടുത്തൽ | അക്ഷര കാർഡുകളിലൂടെ അക്ഷര പരിചയം,<br><br>വായന കാർഡുകളിലൂടെ വാക്കുകൾ പഠിപ്പിക്കുക.<br><br>ICT സാധ്യതയിലൂടെ അക്ഷര പരിചയം<br><br>വർക്ക് ഷീറ്റ്, ചിത്രങ്ങൾ, ചാർട്ടുകൾ എന്നിവയിലൂടെ ഹിന്ദി ഭാഷാ പരിചയപ്പെടുത്തൽ | ജൂൺ മുതൽ | അധ്യാപിക |
| വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ 'പട്ടിക ഹിന്ദിയിൽ തയ്യാരിക്കുന്നു. | ജൂൺ മുതൽ | അധ്യാപിക |
| ഹിന്ദി വായിക്കാനും എഴുതാനുമുള്ള അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ | കുട്ടികളുടെ മികവുകളും പരിമിതികളും കണ്ടെത്തുന്നു. ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ | ജൂൺ മുതൽ | അധ്യാപിക |
| മികവുത്സവം | പഠന പ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടായ ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചു കൊണ്ട് മികവുത്സവം സംഘടിപ്പിക്കുന്നു. | ഫെബ്രവരി | അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ.UP സംസ്കൃതം. | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| യു.പി.തലത്തിൽ മുഴുവൻ കുട്ടികളിലും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | അക്ഷരം, ചിഹ്നം, എഴുത്ത് ഉറപ്പിക്കൽ.<br>വിവിധ തരം കാർഡുകൾ ഉപയോഗിച്ചു അടിസ്ഥാന ഭാഷാ ശേക്ഷികൾ ഉറപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു. | ജൂൺ - ആഗസ്റ്റ് | അധ്യാപിക |
| വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ 'പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | അധ്യാപിക |
| കുട്ടികളുടെ വായനാ ശീലം വളർത്തുക. | സംസ്കൃത ബാല സാഹിത്യ കൃതികൾ ശേഖരിച്ച് ക്ലാസ് തല ലൈബ്രറി സജ്ജീകരിക്കുന്നു. ഓരോ സംസ്കൃത പീരിയഡിലും ശ്രവ്യ വായനയ്ക്ക് അവസരം നൽകുന്നു. ലൈബ്രറിയിൽ നിന്നും താൽപര്യമുള്ള പുസ്തകങ്ങൾ സ്വന്തമായി വായിക്കാൻ അവസരം നൽകുന്നു. കുടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അഭിനന്ദിക്കുന്നു. | ജൂൺ മുതൽ | അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ.UP സംസ്കൃതം. | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത പഠന നേട്ടങ്ങൾ ഉറപ്പിക്കുന്നു. | ക്ലബ് രൂപികരണം പഠനോപകരണ നിർമാണം കലണ്ടർ നിർമാണം ഗൃഹ സന്ദർശനം പഠന യാത്ര | ജൂൺ - മാർച്ച് | അധ്യാപിക |
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | എല്ലാ മാസവും ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. മാതൃകാ ചോദ്യപേപ്പർ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപിക |
| ഓരോ കുട്ടിയുടേയും ആസ്വാദന ശേഷി വർദ്ധിപ്പിക്കുവാനും സഭാ കമ്പം ' നിവാരണം ചെയ്യുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | നാടകം, കൂത്ത് എന്നിവയുടെ വീഡിയോ കാണാൻ അവസരം നൽകുന്നു. കഥ പറയാൻ താൽപര്യം ഉള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകുന്നു. മാസത്തിലൊരിക്കൽ ആസ്വാദന സദ ചേരുന്നു.<br><br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകനാകാർ അവസരം ഒരുക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപിക |
| പ്രത്യകം പരിഗണന അർഹിക്കുന്നവർക്കുള്ള പ്രവർത്തനങ്ങൾ | പ്രത്യകം പരിഗണന അർഹിക്കുന്നവർക്കുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | മാർച്ച് | അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ.UP സാമൂഹിക ശാസ്ത്രം. | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| മനുഷ്യോൽപ്പത്തി, പരിണാമം, വളർച്ച എന്നിവയെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുന്നു. | ICT, ചാർട്ട് എന്നിവയിലൂടെ പുരാതന മനുഷ്യരുടേയും സംസ്കാരങ്ങളുടേയും അവശിഷ്ടങ്ങൾ കാണിച്ചു കൊടുക്കുന്നു. | ജൂൺ | അധ്യാപിക |
| കുട്ടികളിൽ സാമൂഹിക അവബോധം സൃഷ്ടിക്കൽ | ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കൽ, പാലക്കാട് കോട്ട, കൊട്ടാരം | ഡിസംബർ | അധ്യാപിക |
| രാഷ്ട്രിയ അവബോധം സൃഷ്ടിക്കൽ, ജനാധിപത്യ മൂല്യങ്ങൾ സൃഷ്ടിക്കൽ | സ്കൂൾ അസംബ്ലി, സ്കൂൾ പാർലിമെന്റ് തിരഞ്ഞെടുപ്പ്, ഗ്യാമ സഭ സന്ദർശനം, MLA യുമായി അഭിമുഖം,ചോദ്യാവലി തയ്യാരാക്കൽ. | അഗസ്റ്റ് | അധ്യാപിക |
| ഭൂപട വായനയിലൂടെ സ്ഥലങ്ങളുടെ സ്ഥാന നിർണയം നടത്തുവാൻ പ്രാപ്തരാക്കുക | അറ്റ്ലസ്, മാപ്പ്, ഗ്ലോബ്, എന്നിവയിലൂടെ സ്ഥാന നിർണയം നടത്തൽ. | ജൂലൈ | അധ്യാപിക |
| ആരോഗ്യ മേഖലയിൽ ചെറുധാന്യങ്ങളുടെ പ്രധാന്യം ഉറപ്പാക്കുക, | ചെറുധാന്യങ്ങൾ ഉപയോഗിച്ചിട്ടുള്ള ഭക്ഷ മേള ചാർട്ട് തയ്യാരാക്കൽ, | ആഗസ്റ്റ് | അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ.UP സാമൂഹിക ശാസ്ത്രം. | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| പാഴ് വസ്തുക്കളുടെ ഉപയോഗം മുറിച്ചു ബോധവൽകരണം നടത്തുക. | പഴയ തുണി ഉപയോഗിച്ചു ചവിട്ടി, തുണി സഞ്ചി, കരകൗശല വസതുക്കൾ, എന്നിവ നിർമിക്കാതാവശ്യമായ പരിശീലനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രവരി വരെ | അധ്യാപിക |
| പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് ബോധവൽക്കരണം നടത്തുക. | ദുരന്ത നിവാരണ ശേന രൂപികരിക്കൽ, ദുരിത ബാധിതർക്ക് വേണ്ട സഹായങ്ങൾ നൽകുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി അതിന് അവരെ പ്രാപ്തരാക്കുക. ICT യുടെ സഹായത്തോടെ ബോധവൽക്കരണം: നടത്തുക. | ജൂൺ മുതൽ ഫെബ്രവരി വരെ | അധ്യാപിക |
| അനുകാലിക പ്രശ്നങ്ങളിൽ പ്രതിപദ്ധത വർദ്ധിപ്പിക്കുക. | ട്രാഫിക്ക് നിയമങ്ങൾ സൈബർ സുരക്ഷ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, എന്നിവയക്കരിച്ചു ധാരണ ഉണ്ടാക്കുന്ന ക്ലാസുകൾ സംഘടിപ്പിക്കുക | ഫെബ്രവരി | അധ്യാപിക |
| സാമ ഹ്യ സംഘടനകളേയും സ്ഥാപനങ്ങളേ യും കുറിച്ചു അറിയുന്നതിന് | ഹരിതകർമ്മ സേന, കുടുബശ്രി, പാലിയേറ്റിവ് കെയർ എന്നിവയുടെ പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. | ജൂൺ മുതൽ ഫെബ്രവരി വരെ | അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ.UP അടിസ്ഥാന ശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുന്നതിന് | പച്ചക്കറിത്തോട്ടം, ഔഷധ തോട്ടം എന്നിവ ഉൾപ്പെടുത്തി വിദ്യാലയത്തെ ഹരിതമാക്കുന്നു. ലഘു പരീക്ഷണങ്ങളുടെ ശേഖരം തയ്യാരാക്കുന്നു. അഹല്യ ഹെറിറ്റേജ് വില്ലേജിലേക്ക് പഠന യാത്ര സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | അധ്യാപിക |
| പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന മുഴുവൻ ശാസ്ത്ര ശേഷികളും നേടാൻ കുട്ടികളെ പ്രാപ്തരാക്കുക. | മുഴുവൻ പാഠഭാഗങ്ങളുടേയും സൂക്ഷ്മതല ആസൂത്രണം തയ്യാരാക്കുന്നു. ഓരോ യൂണിറ്റിനും അനുയോജ്യമായ വർക്ക് ഷീറ്റുകൾ തയ്യാരിക്കുന്നു. പ്രക്രിയാധിഷ്ഠിത ക്ലാസ് മുറി അനുഭവങ്ങൾ ഉണ്ടാക്കുന്നു. | അക്കാദമിക വർഷം | അധ്യാപിക |
| ശാസ്ത്ര പഠനത്തിന്റെ ഭാഗമായി ശാസ്ത്രതിന്റെ നൂതന പ്രവർത്തനങ്ങൾ ഉൾചേർക്കൽ | ICT യുടെ സഹായത്തോടെ ശാസ്ത്ര വിഷയങ്ങൾ പ്രദർശിപ്പിക്കുന്നു (കണ്ടുപിടിത്തങ്ങൾ, ബഹിരാകാശ യാത്രകൾ ശാസ്ത്രജ്ഞന്മാരുടെ ഡോക്യുമെന്ററി പ്രദർശനവും പതിപ്പ് തയ്യാറ്റക്കലും | അക്കാദമിക വർഷം | അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ.UP അടിസ്ഥാന ശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| | ക്ലാസ് തല പരിക്ഷണകളരി<br>ഹോം ലാബ്, ക്ലാസ് റൂം പ്രവർത്തനത്തിന്റെ ഭാഗമാക്കൽ<br>മുഴുവൽ കുട്ടികൾക്കും ശാസ്ത്ര കിറ്റ്<br>ക്ലാസ് തല പ്രശ്നോത്തിരി '<br>എരുത്തേൻപതി സീഡ്ഫോം സന്ദർശനം | അക്കാദമിക വർഷം | അധ്യാപിക |
| ശാസ്ത്ര പ്രവർത്തന മാനെന്നു മനസ്സിലാക്കി പരീക്ഷണങ്ങൾ ഏറ്റെടുക്കുന്ന തിൽ ആത്മ വിശ്വാസം വർദ്ധിപ്പിക്കൽ. | ഓരോ ദിവസവും ശാസ്ത്ര ക്ലാസിന് മുൻപ് ഒരു പരീക്ഷണ ക്ലാസ് അവതരിപ്പിക്കൽ.<br>ദിനാചരണങ്ങൾ സ്കൂൾ അസംബ്ലിയിലും ശാസ്ത്ര ക്ലബിലും അവതരിപ്പിക്കൽ,<br>സ്കൂൾ തല ശാസ്ത്രമേള സംഘടിപ്പിക്കൽ | അക്കാദമിക വർഷം | അധ്യാപി ക |
| കുട്ടികളിൽ ഗവേഷന മനോഭാവം വളർത്തൽ | സ്കൂൾ പ്രദേശത്തെ ' പ്രധാന പാരിസ്ഥിതിക, സാമൂഹിക, ആരോഗ്യ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നല്ലേപ്പിള്ളി പഞ്ചായത്തിലെ വാർഡ് 15 ൽ ജലസ്രോതസ്സുകളിലെ മലിനീകരണം എന്ന പ്രോജക്ട് ഏറ്റെടുക്കൽ | അക്കാദമിക വർഷം | അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ.UP അടിസ്ഥാന ശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| കുട്ടികളിൽ ഗവേഷന മനോഭാവം വളർത്തൽ | ബാലശാസ്ത്ര കോൺഗ്രസ്, ജൈവ വൈവിധ്യ കോൺഗ്രസ് ശാസ്ത്രമേള എന്നിവയിലെ വകാളിത്തം. | അക്കാദമിക വർഷം | അധ്യാപിക |
| ശാസ്ത്രാശയങ്ങൾ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തൽ. | ശാസ്ത്ര പ്രധാന്യമുള്ള ദിനങ്ങളിൽ അസംബ്ലിയിൽ കുറിപ്പുകൾ, ക്വിസ്, പരീക്ഷണങ്ങൾ, അവതരിപ്പിക്കൽ സമ്മാനങ്ങൾ വിതരണം ചെയ്യൽ. നാടൻ പലഹാരങ്ങളുടെ ഗുണമേൻമയെക്കുറിച്ചുള്ള അവബോധത്തിനായി ഭക്ഷ്യമേള സംഘടിപ്പിക്കൽ. അടുക്കള ഒരു പരീക്ഷണശാല വിവിധ വിഭവങ്ങൾ ഉണ്ടാക്കുന്നതിൽ ശാസത്ര തത്വം തിരിച്ചറിയൽ. | അക്കാദമിക വർഷം | അധ്യാപിക |
| പരിസ്ഥിതി സൗകൃത മനോഭാവം വളർത്തുന്നതിന് | ഔഷധ സസ്യങ്ങളുടെ പേര്, ചിത്രം, ഉപയോഗം, ഇംഗ്ലിഷ്നാമം, ശസ്ത്രനാമം എന്നിവ ഉൾപ്പെടുത്തി വായനാ കാർഡ് അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു തവന | അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ.UP അടിസ്ഥാന ശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| പരിസ്ഥിതി സൗകൃത മനോഭാവം വളർത്തുന്നതിന് | ജൈവ വൈവിധ്യ ഉദ്യാനം വിവ്യൂലികരിക്കൽ, നല്ലേപ്പിള്ളിയിലെ പച്ചത്തുരുത്ത് സന്ദർശനം. പരിസ്ഥിതി മലീനികരണത്തിനെതിരെ ബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കൽ. പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കൽ. | അക്കാദമിക വർഷം | അധ്യാപിക |
| സാമൂഹിക തിന്മകൾക്കെതിരെ ശാസ്ത്ര സർഗാത്മകത പ്രയോജനപ്പെടുത്തൽ, | ലഹരിക്കെതിരെയുള്ള പോസ്റ്ററുകൾ, ലഗു നാടകം, ശാസ്ത്ര ഗീതങ്ങൾ, മൈം എന്നിവ സംഘടിപ്പിക്കൽ. ലഹരി, മായം ചേർക്കൽ, മലിണീകരണം, എന്നിവയ്ക്കെതിരെ സയൻസ് ഓപ്പൽ കോർണർ യോഗങ്ങൾ സംഘടിപ്പിക്കൽ. | അക്കാദമിക വർഷം | അധ്യാപിക |
| ശാരീരിക ആരോഗ്യത്തെ കൂടുതൽ മനസ്സിലാക്കുന്നതിന് | കുട്ടികളുടെ ഉയരം തൂക്കം എന്നിവ ഉൾപ്പെടുത്തി എല്ലാ മാസവും അദ്യ വാരം ആരോഗ്യ രേഖ തയ്യാരാക്കുന്നു. ചെറു ധാന്യങ്ങളുടെ ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.. | അക്കാദമിക വർഷം | അധ്യാപിക |

| അക്കാദമിക മാസ്റ്റർ പ്ലാൻ.UP ഗണിത ശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുക. | കളി രീതിയിലൂടെ അടിസ്ഥാത ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുക. | ജൂൺ / ജൂലൈ | അധ്യാപിക |
| രസകരമായ ഗണിത ശാസ്ത്ര പഠനം | വിവിധ ജാമിതിയ പാറ്റേൻ നിർമാണം ത്രിമാന രൂപങ്ങൾ വരയ്ക്കൽ പേപ്പർ ഉപയോഗിച്ചു വിവിധ രൂപങ്ങൾ നിർമിക്കൽ. | ജൂലൈ ആഗസ്റ്റ് | അധ്യാപിക |
| ICT സാദ്ധ്യത ഉപയോഗപ്പെടുത്തൽ | ജിയോ ജിബ്ര, ജാമിതീയ രൂപങ്ങൾ, ഗണിത ശാസ്ത്രഞ്ജരുടെ ജീവ ചരിത്രം എന്നിവ ICT മുഖാന്തിരം പരിചയപ്പെടുത്തുന്നു. | ആഗസ്റ്റ് | അധ്യാപിക |
| പിന്നോക്കാം നിൽക്കുന്ന കുട്ടികൾക്കുള്ള പഠന പിന്തുണ | ഓരോ അസ്സസ്മെന്റിന് ശേഷവും.. | വർഷത്തിൽ 3 തവണ | അധ്യാപിക |
| ഗണിത മേള | നമ്പർ ചാർട്ട് ജ്യോമടിക്കൽ ചാർട്ട് പസ്സിൽസ് Model Making എന്നിവ സംഘടിപ്പിക്കുന്നു. | Sep - Nov | അധ്യാപിക |

നന്ദി